പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 829 30.01.2019-ൽ മറുപടിയ്ക്ക്.

## വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |

(എ) മുൻസർക്കാരിന്റേയും ഈ സർക്കാരിന്റേയും കാലത്ത് വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി എത്ര രൂപ വീതം വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കുമോ;

(എ) മുൻ സർക്കാരിന്റെ കാലത്ത് (2011-12 മുതൽ 2015-16 വരെ) വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരുന്ന തുകയുടെ, വർഷം തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | ബജറ്റിൽ വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2011-12 | 33513.85 |
| 2 | 2012-13 | 39900.48 |
| 3 | 2013-14 | 48345.53 |
| 4 | 2014-15 | 53887.25 |
| 5 | 2015-16 | 57083.54 |
| | ആകെ | **232730.65** |

ഈ സർക്കാരിന്റെ കാലത്ത് (2016-17 മുതൽ 2018-19 ഡിസംബർ വരെ) വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷം വരെ വകയിരുത്തിയ തുകയുടെ വർഷം തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | ബജറ്റിൽ വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2016-17 | 67158.16 |
| 2 | 2017-18 | 75599.37 |
| 3 | 2018-19 | 73290.56 |
| | ആകെ | **216048.09** |

(ബി) ഈ തുകയിൽ എത്രയാണ് ചെലവഴിച്ചതെന്നും ഏതൊക്കെ പ്രവൃത്തികൾക്കു വേണ്ടിയാണ് തുക വിനിയോഗിച്ചതെന്നും ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി ലഭിച്ച ആകെ തുകയായ **232730.65** ലക്ഷം രൂപയിൽ **212933.98** ലക്ഷം രൂപയും ഈ സർക്കാരിന്റെ കാലത്ത് ആകെ ലഭിച്ച തുകയായ **216048.09** ലക്ഷം രൂപയിൽ **164690.53** ലക്ഷം രൂപയും (ഡിസംബർ 2018 വരെ) വിനിയോഗിച്ചിട്ടുണ്ട്.

വനംവകുപ്പിൽ പ്രവർത്തികൾ എല്ലാം തന്നെ ഡിവിഷൻ തലത്തിലാണ് നടപ്പിലാക്കി വരുന്നത്. വനഡിവിഷനുകളുടെ അതിർത്തി ജില്ലാ അതിർത്തി അല്ലാത്തതിനാൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. ടി തുക ഉപയോഗിച്ച് വനമേഖലയിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പ്രവർത്തികളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

വനാതിർത്തിയിൽ സ്ഥിരം ജണ്ടകൾ നിർമ്മിച്ച് കൈയ്യേറ്റത്തിൽ നിന്നും വനങ്ങളെ സംരക്ഷിക്കുന്നതിനും, വനപരിപാലനവും വനസംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, വാർത്താ വിനിമയം അടക്കമുള്ള പശ്ചാത്തലസൗകര്യം ഒരുക്കൽ, വന സംരക്ഷണത്തിനായി വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ എന്നിവയ്ക്കും അനുബന്ധ പ്രവർത്തികൾ നടപ്പാക്കുന്നതിനും ഉപയോഗിച്ചിട്ടുള്ളതാകുന്നു. ടി തുകയിൽ നിന്നും നിലവിലുള്ള ഘനമര തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപാദിപ്പിക്കുന്ന തോട്ടങ്ങളുടെയും പരിപാലനത്തിനും ഇത്തരത്തിലുള്ള പുതിയ തോട്ടനിർമ്മാർണത്തിനും തുക വിനിയോഗിച്ചിട്ടുള്ളതാണ്. കൂടാതെ ടി തുക ഉപയോഗിച്ച് കാട്ടുതീ പ്രതിരോധ പ്രവർത്തനം, കഞ്ചാവ് കൃഷി തടയൽ എന്നീ പ്രവർത്തികളും പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും, ചോലവനങ്ങളുടെയും, തണ്ണീർത്തടങ്ങളുടെയും, കണ്ടൽക്കാടുകളുടെയും, മറ്റ് സ്വാഭാവിക വനങ്ങളുടെയും, ശോഷിച്ച വനങ്ങളുടെയും വനവല്കരണവും അവയുടെ സംരക്ഷണവും ഉറപ്പുവരുത്തിയിട്ടുള്ളതുമാകുന്നു. വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിലേക്കും അതുവഴി വനാശ്രിത കുടുംബങ്ങളുടെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിനും ടി തുക ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതി വിഹിതം ഉപയോഗിച്ച് വിവിധയിനം വൃക്ഷതൈകൾ ഉല്പാദിപ്പിച്ച് സ്വകാര്യ സ്ഥലങ്ങളിലെ വിവിധ വനവൽക്കരണ പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുള്ളതാകുന്നു.

| | |
|---|---|
| (സി) വനം വകുപ്പിന്റെ അധീനതയിൽ എത്ര ദേശീയ ഉദ്യാനങ്ങളും വന്യജീവി സങ്കേതങ്ങളും ഉണ്ടെന്ന് വ്യക്തമാക്കാമോ? | (സി) സംസ്ഥാനത്തെ വനം വകുപ്പിന്റെ അധീനതയിൽ 5 ദേശീയോദ്യാനങ്ങളും 15 വന്യജീവി സങ്കേതങ്ങളും പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ 2 ടൈഗർ റിസർവ്വുകളും ഒരു കമ്മ്യൂണിറ്റി റിസർവ്വും ഉള്ളതാകുന്നു. |

സെക്ഷൻ ഓഫീസർ